**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5002** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ.ഡിസ്പൻസറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ ഇ.എസ്.ഐ.ഡിസ്പൻസറികൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനു കീഴിൽ സ.ഉ(കൈ) നം.75/2017/തൊഴിൽ തീയതി 15.09.2017 പ്രകാരം 18 ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറികൾ ആരംഭിക്കാൻ സർക്കാർ അംഗീകാരം നൽകിയതിൽ 12 ഡിസ്പെൻസറികൾക്ക് മാത്രമാണ് ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ മുക്കം, കട്ടപ്പന ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ഇതിൽ 6 ഡിസ്പെൻസറികൾ 2-ഡോക്ടർ ടൈപ്പായും, ഒരെണ്ണം 3-ഡോക്ടർ ടൈപ്പായും ആരംഭിക്കുവാനാണ് ഇ.എസ്.ഐ കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>ഇ.എസ്.ഐ കോർപ്പറേഷന്റെ അനുമതി ലഭിച്ചതിലുൾപ്പെട്ട സുൽത്താൻബത്തേരി, മാനന്തവാടി ഡിസ്പെൻസറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വാടകക്കെട്ടിടം ലഭ്യമാക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നാർ കണ്ണൻദേവൻ ഹിൽസ് ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം മൂന്നാർ ഗ്രാമ പഞ്ചായത്ത് വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത ഡിസ്പെൻസറി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം ഇ.എസ്.ഐ. ഡിസ്പൻസറികളിലാണ് ഐ.സി.യൂണിറ്റ് ആരംഭിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ഐ.സി യൂണിറ്റ് ആരംഭിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല; എന്നാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പേരൂർക്കട, വടവാതൂർ, ആലപ്പുഴ, |

| | | | |
|---|---|---|---|
| | | | എറണാകുളം, ഒളരിക്കര, ഫറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ ഐ.സി യൂണിറ്റുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. |
| (സി) | ഇ.എസ്.ഐ. ഡിസ്പൻസറികളിൽ സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഫയലുകളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (സി) | ഇ.എസ്.ഐ കോർപ്പറേഷൻ പ്രവർത്താനുമതി നൽകിയ ഇ.എസ്.ഐ ഡിസ്പെൻസറികളിൽ സ്റ്റാഫ് നഴ്സ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ